പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2013 01.02.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളിലുണ്ടായ കയ്യേറ്റം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും മറ്റ് സ്ഥാവര ജംഗമ വസ്തുവകകളിലും ഉണ്ടായ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളിൽ ഉണ്ടാകുന്ന അനധികൃത കൈയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന വേളകളിൽ തന്നെ ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ആയതിന്റെ ഭാഗമായി കൈയ്യേറ്റങ്ങൾ അതാത് റവന്യൂ അധികാരികളെ അറിയിച്ച് സത്വര നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | പ്രസ്തുത നടപടികളുടെ ഫലമായി എന്ത് അളവിൽ സ്ഥലം തിരിച്ചു പിടിക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കാക്കനാട് - 30 സെന്റ്<br>തോട്ടപ്പള്ളി - 6.5 സെന്റ്<br>തിരുവല്ല - 3 സെന്റ്<br>നങ്ങ്യാർ കുളങ്ങര - 6 സെന്റ്<br>മട്ടാഞ്ചേരി - 18.250 സെന്റ്<br>ബോട്ട് ജട്ടി - 15 സെന്റ്<br>പാച്ചല്ലൂർ - 1.67 സെന്റ്<br>ദേവികുളം - 20 സെന്റ് |
| (സി) | കെ.എസ്.ആർ.ടി.സി.യിലെ ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നതല്ലാതെ ഫലപ്രാപ്തി ഉണ്ടാവാത്തതിന്റെ കാരണം ഗവൺമെന്റ് ഗൗരവമായി കണ്ടെത്തിയിട്ടുണ്ടോ; | (സി) യും (ഡി) യും | നഷ്ടപ്പെട്ട് പോകാൻ സാധ്യതയുള്ള സ്ഥലങ്ങൾ തിരിച്ചു പിടിക്കുന്നതിൽ കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ അതിന്മേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എപ്പോഴൊക്കെ സ്വീകരിച്ചു എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ